| 06-09-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - സേവനത്തിൽ താൽപര്യം കാണിക്കൂ, വിശാലബുദ്ധിയുള്ളവരായി സേവനത്തിന്റെ ഭിന്ന-ഭിന്ന യുക്തികൾ കണ്ടെത്തൂ, നിരർത്ഥകമായ കാര്യങ്ങളെ തിരുത്തൂ.**

**ചോദ്യം** - അജാമിലനു സമാനം മോശമായ ആത്മാവിനെ ശുദ്ധമാക്കാനുള്ള ഉപായം എന്താണ്?
**ഉത്തരം** - അവരെ ജ്ഞാന മാനസരോവരത്തിൽ മുക്കൂ, ജ്ഞാനസാഗരത്തിൽ മുങ്ങിക്കൊണ്ടിരിക്കുകയാണെങ്കിൽ ആത്മാവിലെ അഴുക്ക് വൃത്തിയാകും.

**ചോദ്യം** - ബ്രാഹ്മണരെ സംബന്ധിച്ച് ഏറ്റവും വലിയ പാപം എന്താണ്?
**ഉത്തരം** - ബ്രാഹ്മണർ അഥവാ ബാബയുടെ ആജ്ഞ മാനിച്ചില്ലെങ്കിൽ അത് ഏറ്റവും വലിയ പാപമായിത്തീരും. ബാബയുടെ ആദ്യത്തെ ആജ്ഞയാണ്, നിങ്ങൾ എന്നെ നിരന്തരം ഓർമ്മിക്കൂ, പക്ഷേ കുട്ടികൾ ഈ കാര്യത്തിൽ തന്നെയാണ് തോറ്റു പോകുന്നത്. പിന്നീട് മായ എന്തെങ്കിലും വികർമ്മങ്ങൾ ചെയ്യിപ്പിക്കും.

**ഗീതം** - ആകാശസിംഹാസനം വിട്ട് ഇറങ്ങി വന്നാലും.......

**ഓംശാന്തി**. കുട്ടികളുടെ ബുദ്ധിയിൽ എന്താണ് വരുന്നത്? ആരാണ് വന്നത്? (അച്ഛൻ, ടീച്ചർ,സദ്ഗുരു) മാതാ-പിതാ എന്ന അക്ഷരം തീർച്ചയായും വേണം. മാതാ-പിതാ എന്ന അക്ഷരം ഭാരതത്തിൽ തന്നെയാണ് പ്രശസ്ഥം. അങ്ങ് മാതാപിതാ...... പിന്നീട് നിങ്ങൾ ബാപ്ദാദ എന്നു പറയുന്നു. മാതാപിതാ എന്ന വാക്കിൽ ബാപ്ദാദ വരുന്നുണ്ട്, എങ്കിലും അങ്ങനെയല്ല, ഇത് മനസ്സിലാക്കിക്കൊടുക്കാനുള്ള ഒരു വിധിയാണ്, കാരണം അച്ഛൻ ഉണ്ട് എങ്കിൽ അമ്മ തീർച്ചയായും വേണം. ഇപ്പോൾ ആദ്യത്തെ മാതാവ് ആരാണ്? ഇതാണ് ഏറ്റവും ഗുഹ്യമായ കാര്യങ്ങൾ, ഇത് മറ്റാർക്കും തന്നെ മനസ്സിലാക്കാൻ സാധിക്കില്ല. പ്രജാപിതാവായ ബ്രഹ്മാവ് ഉണ്ടായിട്ടും മാതാവ് ആവശ്യമാണോ? പ്രജാപിതാവായ ബ്രഹ്മാവിനൊപ്പം ഏതെങ്കിലും പ്രജാപത്നിയും ആവശ്യമാണോ? പ്രജാപത്നിയുടെ ആവശ്യമില്ല, കാരണം ഇവിടെ മുഖ വംശാവലിയാണ്. അതുകൊണ്ട് ബ്രഹ്മാവിന് പത്നിയുടെ ആവശ്യമില്ല. ഇത് വളരെയധികം ഗുപ്തവും ആഴവുമുള്ള കാര്യങ്ങളാണ്. ഇതിനെ മനസ്സിലാക്കാനും ധാരണ ചെയ്യാനുമുള്ള ബുദ്ധി ആവശ്യമാണ്. ഈയൊരു അച്ഛൻ മാത്രമാണ് കുട്ടികളുടെ സമ്മുഖത്തേക്ക് വരുന്നത്. നിങ്ങൾ മനസ്സിലാക്കുന്നു, മാതാപിതാവായ ബാപ്ദാദ സമ്മുഖത്തേക്ക് വന്നിരിക്കുകയാണെന്ന്. കുട്ടികൾ പുറമെ സേവനം ചെയ്യുന്നു, സെന്ററിലുള്ളപ്പോൾ ഇങ്ങനെ മനസ്സിലാക്കുന്നില്ല ഞങ്ങൾ മാതാപിതാവായ ബാപ്ദാദയുടെ സമ്മുഖത്താണ് ഇരിക്കുന്നതെന്ന്. അവർ ഇങ്ങനെ മനസ്സിലാക്കുന്നു ഇന്ന ബി.കെ അഥവാ ബ്രഹ്മാകുമാരിയാണ് വന്നിരിക്കുന്നതെന്ന്. ഈ മമ്മ ദത്തെടുക്കപ്പെട്ടിട്ടുള്ളതാണ്. ഏറ്റവും വലിയ ഭാഗ്യ നക്ഷത്രമാണ് ജഗദംബ. സംരക്ഷിക്കുകന്നതിനായി ഇവരാണ് മുഖ്യം, അതുകൊണ്ടാണ് ഇവരുടെ മേൽ കലശം വെക്കുന്നത്, ഈ ബ്രഹ്മാവ് ബ്രഹ്മപുത്രനാണ്, പുരുഷന്റെ രൂപത്തിൽ. അപ്പോൾ തീർച്ചയായും സരസ്വതി ആവശ്യമാണല്ലോ. സരസ്വതിയെയാണ് ജഗദംബ എന്നു പറയുന്നത്. ബ്രഹ്മാവിനെ ജഗദംബ എന്നു പറയില്ല. ഇതെല്ലാം ഏതൊരു ഗീതയിലോ-ഭാഗവതത്തിലോ ഇല്ലാത്ത വളരെ ഗുപ്തമായ രഹസ്യമാണ്. ശാസ്ത്രങ്ങളിൽ കഥകൾ എഴുതപ്പെട്ടിട്ടുണ്ട്. 5000 വർഷങ്ങൾക്കു മുമ്പ്, 2500 വർഷങ്ങൾക്കു മുമ്പ് എന്താണ് എന്നുള്ള കാര്യങ്ങളിരുന്ന് ഉണ്ടാക്കുന്നുണ്ട്. ആ നാമം,രൂപം,ദേശം,കാലം ഒന്നും തന്നെയില്ല. നാടകവും അനേകപ്രകാരത്തിൽ ഉണ്ടാക്കുന്നുണ്ട്. ഇത് ബാബ സമ്മുഖത്തിരുന്ന് വളരെ നല്ല രീതിയിൽ മനസ്സിലാക്കിത്തരുന്നുണ്ട്, കുട്ടികളേ- ഓരോ കാര്യത്തെയും പൂർണ്ണമായും മനസ്സിലാക്കണം. ഈ ഗീതങ്ങളിലെല്ലാം തന്നെ അർത്ഥമില്ലാത്ത ഒരുപാട് അക്ഷരങ്ങളുണ്ട്. ആകാശതത്വം ഇതാണല്ലോ അതിലാണ് നമ്മൾ വസിക്കുന്നത്. ഏതൊരു പാരലൗകിക അച്ഛനെയാണോ നമ്മൾ ഓർമ്മിക്കുന്നത്, അവർ ആകാശ തത്വത്തിൽ നിന്നല്ല വരുന്നത്. അഥവാ കൃഷ്ണന്റെ ആത്മാവാണെങ്കിൽ അവർ ഇവിടെതന്നെയാണല്ലോ. എല്ലാ മുഖ്യ-മുഖ്യ ആത്മാക്കളും ധർമ്മസ്ഥാപകരും ഇവിടെത്തന്നെയാണല്ലോ. കൃഷ്ണന്റെ ആത്മാവും 84-മത്തെ ജന്മത്തിൽ ഇവിടെത്തന്നെയാണല്ലോ. അപ്പോൾ അവരുടെ ആത്മാവിനെ വിളിക്കാൻ സാധിക്കില്ല. പരമപിതാവായ പരമാത്മാവിനെയാണ് വരൂ എന്നു പറഞ്ഞ് വിളിക്കുന്നത്. തന്റെ മഹതത്വം, നിർവ്വാണധാമത്തെ ഉപേക്ഷിച്ച് ഇങ്ങോട്ടു വന്നാലും. നിങ്ങൾ ആത്മാക്കളുടെയും സിംഹാസനം ബ്രഹ്മതത്വമാണ്. ആകാശത്തിൽ നിങ്ങൾ ജീവാത്മാക്കളാണ് വസിക്കുന്നത്. ഈ വേദി നാടകം കളിക്കാനുള്ളതാണ്. ഈ പാട്ടു കേൾക്കുമ്പോൾ, മനസ്സിൽ സ്വയം എല്ലാം തിരുത്തിക്കൊണ്ടു പോകൂ. ആരാണോ നാടകം ഉണ്ടാക്കിയത് അവരാണ് ഈ ഗീതവും

ഉണ്ടാക്കിയിട്ടുള്ളത്. സിനിമ ഷൂട്ട് ചെയ്യുന്നവർക്കും ഇത് മനസ്സിലാക്കി കൊടുക്കൂ. ഇതിൽ വളരെയധികം വിശാലമായ ബുദ്ധി ആവശ്യമാണ്. ബാബ സേവനം ചെയ്യാനുള്ള നിർദ്ദേശങ്ങളാണ് നൽകുന്നത്. ഈ ഡ്രാമ ഉണ്ടാക്കിയവർക്ക് മനസ്സിലാക്കി കൊടുക്കണം. അവരെപ്പോയി കാണണം. ഇത്രയ്ക്കും വിവേകം ഉണ്ടായിരിക്കണം. ബാബ നിർദ്ദേശങ്ങൾ നൽകും. ബാബയ്ക്ക് പോയി ചോദിക്കേണ്ട ആവശ്യമില്ല. ബാബ നിങ്ങൾ കുട്ടികൾക്കാണ് നിർദ്ദേശങ്ങൾ നൽകുന്നത് – ഇങ്ങനെയെല്ലാം ചെയ്യൂ, ശ്രീമത്ത് പ്രകാരം നടക്കൂ. ഗീതത്തിൽ വാസ്തവത്തിൽ ഭൂമി എന്നു പറയുന്നത് ഈ ഭാരതഖണ്ഡത്തെയാണ്. ഭാരതത്തിൽ തന്നെയാണ് ബാബയ്ക്ക് വരേണ്ടതും. ഭാരതം തന്നെയാണ് ഭഗവാന്റെ ജന്മസ്ഥലവും. എല്ലാവരും ആ നിരാകാരനായ ഭഗവാനെയാണ് വിളിക്കുന്നത്. കൃഷ്ണൻ എല്ലാവരുടെയും അച്ഛനാവില്ലല്ലോ. പിന്നെ മുരളി ഒരിക്കലും കൃഷ്ണന്റെ കൈയ്യിൽ കാണിക്കുന്ന മരം കൊണ്ടുള്ള ഓടക്കുഴലല്ല, മുരളി ഈ ജ്ഞാനത്തെയാണ് പറയുന്നത്.

വിദ്യാദേവി എന്ന് സരസ്വതിയെയാണ് പറയുന്നത്. രാധയെയും കൃഷ്ണനെയുമൊന്നും തന്നെ പറയുന്നില്ല. ഇത് അച്ഛന്റെയും കുട്ടിയുടെയും ജോഡിയാണ്. സരസ്വതിയെയാണ് ജ്ഞാനത്തിന്റെ ദേവി എന്ന് പറയുന്നത്. അപ്പോൾ തീർച്ചയായും പ്രജാപിതാ ബ്രഹ്മാവ്, ബ്രഹ്മപുത്രയും ജ്ഞാനത്തിന്റെ ദേവനായിരിക്കണം. പക്ഷേ ബ്രഹ്മാവിനെക്കുറിച്ച് അങ്ങനെയൊരു മഹിമയില്ലല്ലോ. ഈശ്വരനെ ജ്ഞാനത്തിന്റെ സാഗരനാണെന്നു പറയും. ബ്രഹ്മാവിനെയല്ല ജ്ഞാനസാഗരനെന്നു പറയുന്നത്, ഈശ്വരനാണ് ജ്ഞാനത്തിന്റെ സാഗരൻ. പരമപിതാവായ പരമാത്മാവ് ജ്ഞാനത്തിന്റെ സാഗരനാണ് എങ്കിൽ തീർച്ചയായും തന്റെ കുട്ടികൾക്ക് ജ്ഞാനം നൽകുകതന്നെ ചെയ്യും. ആദ്യമാദ്യം ഇവരിൽ പ്രവേശിച്ച് പിന്നീട് ഇവരിലൂടെ എല്ലാവർക്കും നൽകുക തന്നെ ചെയ്യും. ഇതിൽ എല്ലാ ഭാഗ്യത്തിന്റെ നക്ഷത്രങ്ങളും വരും. ജ്ഞാനസൂര്യൻ, പിന്നെ ജ്ഞാനചന്ദ്രൻ(ബ്രഹ്മാവ്), പിന്നീട് ജ്ഞാനചന്ദ്രന്റെ സമീപത്ത് ഒരു നക്ഷത്രം വേണം, അത് ചന്ദ്രന്റെ സമീപം നിൽക്കുന്നു. അത് വളരെയധികം തീക്ഷ്ണതയുള്ളതാണ്. അതിനെ ജ്ഞാന ഭാഗ്യ നക്ഷത്രമെന്നു പറയും. അവരുടെ പേരാണ് സരസ്വതി. സരസ്വതി ബ്രഹ്മാവിന്റെ പുത്രിയാണ്. ഇത് അച്ഛനുമാണ്, വലിയ നദിയുമാണ്. വളരെ വലിയ നദിയാണ്. എല്ലാ നദികളുടെയും മിലനം സാഗരത്തിലാണ് ഉണ്ടാകുന്നത്. സാഗരത്തിന്റെയും നദികളുടെയും മിലനം നടക്കുന്നു. സരസ്വതിയും സാഗരത്തിൽ ലയിക്കുന്നു. പക്ഷേ അതിന്റെ മേള ഉണ്ടാകുന്നില്ല. ബ്രഹ്മപുത്രാ നദിയുടെ മേളയാണ് ഉണ്ടാകുന്നത്. ഈ നദി അത്ഭുതമാണ്, പുരുഷനാണ്. നദിയെ സ്ത്രീലിംഗമായാണ് പറയാറുള്ളത്. ഈ ഗുഹ്യമായ രഹസ്യങ്ങൾ മനസ്സിലാക്കേണ്ടവയാണ്. പക്ഷേ ഈ കാര്യങ്ങളൊന്നും ആദ്യം തന്നെ ആർക്കും മനസ്സിലാക്കി കൊടുക്കരുത്. ആദ്യം ലൗകിക മാതാപിതാവിന്റെയും പാരലൗകികമാതാപിതാവിന്റെയും രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കി കൊടുക്കണം. ലൗകിക മാതാപിതാവിൽ നിന്നും അൽപകാലത്തെ ക്ഷണഭംഗുരമായ സുഖത്തിന്റെ സമ്പത്ത് ലഭിച്ചു പോന്നു, ഇത് പക്കാ ഓർമ്മ വേണം. മറ്റാർക്കും തന്നെ രണ്ട് അച്ഛന്റെ രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കി കൊടുക്കാൻ സാധിക്കില്ല. അവർക്ക് അറിയുക പോലുമില്ല. അങ്ങ് മാതാപിതാവാണ്..... എന്ന് പാടുന്നുണ്ട്, ഇപ്പോൾ പിതാവ് സർവ്വവ്യാപിയാണെങ്കിൽ മാതാവ് എവിടേക്ക് പോയി? ഇത് മനസ്സിലാക്കേണ്ട കാര്യമല്ലേ. മാതാവും പിതാവും ആവശ്യമാണ്. നിരാകാരനെയാണ് മാതാപിതാവെന്നു പറയുന്നത്. പക്ഷേ ഇവരെ എന്തുകൊണ്ടാണ് മാതാപിതാവെന്നു പറയുന്നത് എന്നുള്ളത് മനസ്സിലാക്കുന്നില്ല. അവർ ഗോഡ്ഫാദറാണ്. ആദം,ഹവ്വ എന്നും പറയാറുണ്ട്. ഇവർ ഒന്നാണെന്നു മനസ്സിലാക്കുന്നില്ല. പ്രജാപിതാവായ ബ്രഹ്മാവു തന്നെയാണ് മാതാവാകുന്നത് എന്നുള്ളത് മനസ്സിലാക്കുന്നില്ല. ആദം–ബീബി എന്നു പറയുന്നു. പക്ഷേ അർത്ഥം മനസ്സിലാക്കുന്നില്ല. കുട്ടികൾ മനസ്സിലാക്കുന്നു വാസ്തവത്തിൽ ആദം–ബീബി ഇവരാണെന്ന്. ബീബി തന്നെയാണ് ആദം എന്നും. ഇവരെ ബീബിയെന്നും ആദമെന്നും പറയാം. അവർ അച്ഛനുമാണ്. ഇതെല്ലാം തന്നെ വളരെയധികം ഗുപ്തമായ കാര്യങ്ങളാണ്. ഭാരതത്തിൽ അങ്ങ് മാതാപിതാവെന്നു പറയുന്നുണ്ട്. കേട്ടു കേൾവിക്കനുസൃതമായി ഓരോന്നും പാടിക്കൊണ്ടിരിക്കുന്നുണ്ട് അർത്ഥം ഒന്നും തന്നെ മനസ്സിലാക്കുന്നില്ല.

സത്യയുഗത്തെ വളരെ ദൂരേയ്ക്ക് കൊണ്ടുപോയി. ലക്ഷക്കണക്കിനു വർഷങ്ങളെന്നു പറയുന്നുണ്ട്. പണ്ട് പണ്ട് അർത്ഥം എത്രയാണ്? സമീപത്തു സംഭവിച്ചതല്ലേ കഥയായി കേൾപ്പിക്കൂ, നിങ്ങൾക്ക് അറിയാം വളരെ പണ്ട് അർത്ഥം 5000 വർഷങ്ങൾക്കു മുമ്പ് ഈ ഭാരതത്തിൽ ദേവീദേവതകളുടെ അഖണ്ഡവും ദൃഢവും സുഖശാന്തിമയവുമായ രാജ്യമുണ്ടായിരുന്നു. മറ്റൊരു രാജ്യവുമുണ്ടായിരുന്നില്ല. ഈ വാക്കുകളൊന്നും ഏതൊരു വിദ്വാനോ ആചാര്യനോ ഒന്നും മനസ്സിലാക്കാൻ സാധിക്കില്ല. ദേവീദേവതകളുടെ രാജ്യമുണ്ടായിരുന്നു, അത് എങ്ങനെ സ്ഥാപിക്കപ്പെട്ടു എന്നുള്ളത് മനസ്സിലാക്കണം? എങ്ങനെ ലക്ഷ്മി–നാരായണൻ അധികാരികളായിത്തീർന്നു? അവരുടെ രാജ്യം എങ്ങനെ സ്ഥാപിക്കപ്പെട്ടു? അതിനു മുമ്പ് കലിയുഗമായിരുന്നല്ലോ. ഇപ്പോഴാണ് കലിയുഗത്തിന്റെ അവസാനം, പിന്നീട് സത്യയുഗം ഉണ്ടാവുകത

ന്നെചെയ്യും. സത്യയുഗം മുന്നിൽ വന്നു കഴിഞ്ഞു. പണ്ട്– പണ്ട് എന്നുള്ളത് തൊട്ടു മുന്നിലേക്കു വന്നു കഴിഞ്ഞു. 84 ജന്മങ്ങൾ എടുത്തെടുത്ത് ഇപ്പോൾ ഇതാ അന്തിമത്തിലേക്കു വന്നു കഴിഞ്ഞു. ഇപ്പോൾ നിങ്ങൾക്കു പറയാം 5000 വർഷങ്ങൾക്കു മുമ്പ് സത്യയുഗത്തിൽ ഈ ലക്ഷ്മി–നാരായണന്റെ രാജ്യമുണ്ടായിരുന്നു, ഇപ്പോഴില്ല. ഇപ്പോൾ സമയം പൂർത്തിയായിരിക്കുകയാണ്. വീണ്ടും ലക്ഷ്മി–നാരായണന്റെ രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഇത് നിങ്ങളുടെ ബുദ്ധിയിലുണ്ടായിരിക്കണം. ഇതിനു വേണ്ടിയാണ് നിങ്ങൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഈ സത്യമായ ഗീത എഴുതപ്പെട്ടിട്ടുണ്ട്, ആരെങ്കിലും പഠിച്ച് റീഫ്രെഷ് ആകുന്നതിനുവേണ്ടി. പക്ഷേ അറിയാം എന്ത് എഴുതിയാലും അത് ലോപിച്ചുപോകുമെന്നുള്ളത്. ഈ സത്യമായ ഗീതയും ഉണ്ടാവുകയില്ല. എന്താണോ നിങ്ങൾ എഴുതുന്ന സത്യമായ ജ്ഞാനം അത് ലോപിക്കപ്പെടും, അതിനോടൊപ്പം ശാസ്ത്രത്തിലെ ജ്ഞാനവും ലോപിക്കപ്പെടും. സത്യ–ത്രേതായുഗത്തിൽ ശാസ്ത്രങ്ങൾ ഉണ്ടാവുകയില്ല. പിന്നീട് എങ്ങനെയാണോ കല്പം മുമ്പ് ദ്വാപരയുഗത്തിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളത്, അതുപോലെ ഉണ്ടാവുക തന്നെ ചെയ്യും. ഇതെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ്. രചനയുടെ സാമഗ്രികൾ വളരെ വലുതാണ്. നിങ്ങൾ സെക്കന്റിലാണ് ജ്ഞാനം നേടുന്നത്. മുഴുവൻ രചനയുടെയും ആദി മദ്ധ്യ അന്ത്യത്തെക്കുറിച്ച് നിങ്ങൾക്ക് അറിയാം. തിയ്യതി–ദിവസം സഹിതം മുഴുവനും കണക്കുണ്ട്. എല്ലാവരും 84 ജന്മങ്ങൾ എടുക്കുന്നില്ല. ചിലർ 70, ചിലർ 60, ചിലർ 2 ജന്മങ്ങളും എടുക്കുന്നുണ്ട്. എത്രയും ചുരുങ്ങിയത് ഇത്ര, എത്രയും കൂടുതൽ എത്ര എല്ലാം അറിയാം. അവസാനം വരുന്നവർക്ക് തീർച്ചയായും കുറച്ച് ജന്മങ്ങളേ ലഭിക്കൂ. അതിനെ വിസ്തരിക്കുന്നത് വ്യർത്ഥമാണ്. നിങ്ങൾ കുട്ടികൾക്ക് ചിത്രങ്ങൾ വെച്ച് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. 84 ലക്ഷം ജന്മങ്ങൾ ഇല്ല. എല്ലാവർക്കും 84 ജന്മങ്ങൾ എടുക്കാൻ സാധിക്കില്ല. 84–ന്റെ ചക്രമാണ് എന്ന് വെറുതെ അങ്ങനെ പറയുന്നു. 84 ലക്ഷം ജന്മത്തിന്റെ ചക്രം എന്ന് പറയുന്നില്ല. ഗീതത്തിൽ പാപത്തിന്റെയും കപടതയുടെയും നിഴൽ വീണു എന്നു പറയുന്നുണ്ട്, കാരണം ഇത് രാവണ രാജ്യമാണ്. ആത്മാവിൽ അഴുക്ക് പറ്റി ഇപ്പോൾ തീർത്തും അജാമിളനു സമാനമായിത്തീർന്നു. ഇത്രയ്ക്കും അഴുക്ക് പുരണ്ടിരിക്കുകയാണ്, അത് വൃത്തിയാകുന്നില്ല. ആ അഴുക്കിനെ ഇല്ലാതാക്കുന്നതിനായി പറയുന്നുണ്ട് ജ്ഞാനമാനസരോവരത്തിൽ മുങ്ങിയിരിക്കണമെന്ന്. തുരുമ്പ് കളയുന്നതിന് വേണ്ടി മണ്ണെണ്ണയിൽ മുക്കി വെക്കുന്നത് പോലെ ഈ തുരുമ്പിനെയും ഇല്ലാതാക്കുന്നതിനുവേണ്ടി ജ്ഞാനസാഗരത്തിൽ മുക്കിവെക്കൂ. ഇവിടെ വെള്ളത്തിന്റെ നദിയുടെ കാര്യമോ സാഗരത്തിന്റെ കാര്യമോ അല്ല. ജ്ഞാനസാഗരൻ എന്ത് ജ്ഞാനമാണോ നൽകുന്നത് അതിൽ തല്പരരായിരിക്കണം. ഗൃഹസ്ഥവ്യവഹാരത്തെയും സംരക്ഷിക്കണം. അതിൽ എന്തെങ്കിലും അഭിപ്രായം വേണമെങ്കിൽ എടുത്തുകൊണ്ടിരിക്കണം. ഓരോരുത്തർക്കും അവരവരുടേതായ കർമ്മ ബന്ധനങ്ങളുണ്ട്. സർജൻ എല്ലാവർക്കും ഒരേ മരുന്ന് കൊടുക്കുകയില്ല. എല്ലാവരുടെയും കർമ്മബന്ധനം, എല്ലാവരുടെയും അസുഖത്തിന് വ്യത്യാസമുണ്ട്. ഈ പഞ്ചവികാരങ്ങളുടെയും അസുഖം വളരെയധികം വലുതാണ്. ഈ അസുഖത്തെക്കുറിച്ച് മറ്റാർക്കും തന്നെ അറിയുന്നില്ല. ഇത് എപ്പോഴാണ് ആരംഭിക്കുന്നത്? ആത്മാവിന് അസുഖം ബാധിക്കുന്ന പോലെ ശരീരത്തിനും അസുഖം ബാധിക്കുന്നു. ആത്മാവിന് ദു:ഖം സംഭവിക്കുന്നു അർത്ഥം അത് ശരീരത്തിനും ഉണ്ടാകുന്നു. ഈ കാര്യങ്ങളൊന്നും തന്നെ ഏതൊരു ശാസ്ത്രങ്ങളിലുമില്ല. ഇതെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലുള്ള ഭക്തികാണ്ഡമാണ്. ഭക്തിയിലും ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്, ആദ്യം അവ്യഭിചാരി ഭക്തിയാണ്, പിന്നീട് രജോഗുണിയായ വ്യഭിചാരി ഭക്തി. പിന്നീട് വ്യഭിചാരി തമോഗുണി ഭക്തിയാണ്. ഭക്തരുടെ അവസ്ഥയ്ക്ക് അനുസരിച്ച് ഭക്തിയും നടക്കുന്നു. ജ്ഞാനവും അതുപോലെ താഴേക്ക് ഇറങ്ങിവരുന്നു. ആദ്യം 16 കല, പിന്നീട് 14 കല, പിന്നെ 12 കല.....പ്രാപ്തിയുണ്ടായതെല്ലാം പിന്നീട് ഇറങ്ങി വരുന്നു. നിങ്ങൾ കുട്ടികൾക്ക് അറിയാം ഇത് സമ്പാദ്യമാണ്. സമ്പാദ്യത്തിൽ വിഘ്നം സംഭവിക്കുന്നു. ദശകൾ പരിവർത്തനപ്പെടുന്നു. ഞങ്ങളുടെ മേൽ ഏതു ദശയാണ് ഇരിക്കുന്നതെന്ന് ചോദിക്കുന്നു? അപ്പോൾ അവർ പറയുന്നു. ഈ സത്യമായ സമ്പാദ്യത്തിലും കുട്ടികൾക്ക് ദശകൾ ഉണ്ട്. ചിലരുടെ മേൽ രാഹുവിന്റെ ദശയാണെങ്കിൽ മുഖത്തെ കറുപ്പിക്കുന്നു. ബൃഹസ്പതിയുടെ ദശയായിരുന്നു, പിന്നീട് മായയുടെ അടിയേറ്റപ്പോൾ രാഹുവിന്റെ ദശയായിത്തീർന്നു. കാമവികാരത്തിലേക്കു പോയപ്പോൾ പെട്ടെന്നു തന്നെ രാഹുവിന്റെ ഗ്രഹണം ബാധിച്ചു. ബുദ്ധി പൂട്ടപ്പെട്ടു. ഇത് ഗുപ്തവും കടുത്തതുമായ ശിക്ഷയാണ്. അവർക്ക് പിന്നീട് ഒരിക്കലും ഇങ്ങനെ പറയാൻ സാധിക്കില്ല, ഭഗവാനുവാച കാമം മഹാശത്രുവാണെന്ന്. സന്യാസിമാരും കാമം മഹാശത്രു കാരണമാണ് തങ്ങളുടെ പത്നിയെ ഉപേക്ഷിച്ച് പോകുന്നത്. ഈ നിവൃത്തി മാർഗ്ഗത്തിലുള്ള പവിത്രതയും ഭാരതവാസികൾക്ക് നല്ലതാണ്. ഭാരതവാസികൾ തന്നെയാണ് പവിത്രതയിൽ നിന്നും അപവിത്രമായിത്തീരുന്നത്, അവർക്ക് താങ്ങായി നിലനിർത്തുന്നതിനാണ് ഈ സന്യാസിമാർ. നിലനിർത്തിക്കൊണ്ടുപോകുന്നതിനാണ് ഈ പവിത്രത. പവിത്രതയുടെ ശക്തിയിലൂടെയാണ് സൃഷ്ടി മുന്നോട്ടുപോകുന്നത്. ഇപ്പോൾ അവരും പതിതമായിത്തീർന്നിരിക്കുകയാണ്. നിങ്ങൾക്ക് അവരുടെയും സേവനം ചെയ്യണം. സേവനത്തിന് നിങ്ങൾ കുട്ടികൾക്ക് വളരെയധികം താല്പര്യം വേണം.

നിയമപൂർവ്വമല്ലാത്ത ഒരു പെരുമാറ്റവും പാടില്ല. എല്ലാവരും പുരുഷാർത്ഥികളാണ്, ആരും തന്നെ സമ്പൂർണ്ണ മായിത്തീർന്നിട്ടില്ല. എന്തെങ്കിലുമൊക്കെ പാപം ഉണ്ടായിക്കൊണ്ടിരിക്കുക തന്നെ ചെയ്യും. ബാബയുടെ ആജ്ഞ മാനിക്കാതിരിക്കുക എന്നുള്ളതും വളരെ വലിയ പാപമാണ്. ബാബയുടെ ആജ്ഞയാണ് നിര ന്തരം എന്നെ ഓർമ്മിക്കൂ. അറിയാം പക്ഷേ ചെയ്യാൻ സാധിക്കില്ല. പക്ഷേ നിങ്ങൾ പൂർണ്ണ പുരുഷാർത്ഥം ചെയ്യുന്നില്ല. ആര് ചെയ്യുന്നുവോ അവർക്ക് നല്ല പദവി ലഭിക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1. പഞ്ച വികാരങ്ങളുടെ അസുഖത്തിൽ നിന്നും മുക്തമായിരിക്കുന്നതിനുവേണ്ടി സർജനിൽ നിന്നും അഭി പ്രായങ്ങൾ നേടണം. ആത്മാവിനുമേൽ ഏതൊരു അസുഖവും പിടിപെടാതിരിക്കാൻ ശ്രദ്ധിക്കണം.

2. സത്യമായ സമ്പാദ്യം ചെയ്യുകയും, ചെയ്യിപ്പിക്കുകയും വേണം. നിയമാനുസൃതമല്ലാത്ത ഏതൊരു പെരു മാറ്റവും പാടില്ല. രാഹുവിന്റെ ദശയിൽ ഒരിക്കലും പെടരുത്, അതിനായി ബാബയുടെ ആജ്ഞയനുസരിച്ച് മുന്നോട്ടു പോകണം.

## വരദാനം:–ഓർമ്മയിലൂടെയും സേവനത്തിലൂടെയും എല്ലാ കറക്കങ്ങളെയും സമാപ്തമാക്കി ദീപത്തിന്മേൽ ബലിയാകുന്ന സത്യമായ ശലഭമായി ഭവിക്കട്ടെ.

ഏത് കുട്ടികളാണോ ഓർമ്മയിലും സേവനത്തിലും സദാ ബിസിയായിരിക്കുന്നത് അവർ എല്ലാ ചക്രങ്ങളിൽ നിന്നും സഹജമായും മുക്തമായിരിക്കുന്നു. ഏതെങ്കിലും ചക്രം അവശേഷിക്കുന്നുണ്ടെങ്കിൽ കറങ്ങിക്കൊണ്ടേയിരിക്കും. ചിലപ്പോൾ സംബന്ധികളുടെ ചക്രം, ചിലപ്പോൾ തന്റെ സ്വഭാവ സംസ്കാരങ്ങളുടെ ചക്രം, അങ്ങിനെയുള്ള വ്യർത്ഥത്തിന്റെ സർവ്വ ചക്രങ്ങളും അപ്പോഴേ സമാപ്തമാകൂ എപ്പോഴാണോ ബുദ്ധിയിൽ ഒരു ദീപമല്ലാതെ മറ്റൊന്നും തന്നെ ഇല്ലാതിരിക്കുന്നത്. ദീപത്തിന്മേൽ ബലിയാകുന്നവർ ദീപത്തിന് സമാനമായി മാറുന്നു. അങ്ങനെ സമർപ്പണമാകുന്നവർ അഥവാ സമാനമായി മാറുന്നവർ തന്നെയാണ് സത്യമായ ശലഭങ്ങൾ.

## സ്ലോഗൻ:– സത്യമായ പവിഴമായ കുട്ടികളുടെ കൂട്ടുകെട്ടിൽ ഇരുമ്പിന് സമാനമായ ആത്മാക്കൾ പോലും സ്വർണ്ണമായി മാറുന്നു.